# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 2240 | 23.03.2012 -ൽ മറുപടിയ്ക്ക് |
|---|---|

**സാമൂഹ്യക്ഷേമ വകുപ്പിന്റെ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ സാധുത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോടും സാമൂഹ്യക്ഷേമ വകുപ്പ് നടത്തുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിൽ രണ്ടു വർഷ പഠനത്തിനുശേഷം നല്കുന്ന സർട്ടിഫിക്കറ്റുകൾ സർക്കാർ നിയമനങ്ങൾക്ക് യോഗ്യതാ പത്രമായി അംഗീകരിച്ചിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഉണ്ടെങ്കിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ സാമൂഹ്യക്ഷേമ വകുപ്പിലെ ബൈന്റർ ഗ്രേഡ് രണ്ട് തസ്തികയിലേക്കുള്ള നിയമനത്തിന് പ്രസ്തുത യോഗ്യതാ സർട്ടിഫിക്കറ്റ് അംഗീകരിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന് അടിയന്തരമായി പരിഹാരം ഉണ്ടാക്കുമോ ; | (ബി) | പ്രസക്തമല്ല |
| | ഇല്ലെങ്കിൽ കഴിഞ്ഞ ഇരുപത്തിയഞ്ചിലേറെ വർഷങ്ങളായി വികലാംഗരായ നൂറു കണക്കിന് ചെറുപ്പക്കാർ രണ്ടുവർഷം പഠിച്ച് നേടിയ സർട്ടിഫിക്കറ്റിന് വിലയില്ലാത്ത അവസ്ഥ സൃഷ്ടിച്ച് ഉദ്യോഗാർത്ഥികളെ വഞ്ചിച്ചതിന്റെ ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ; | (സി) | വിശദവിവരം ശേഖരിച്ചു നല്കുന്നതാണ്. |
| (ഡി) | പ്രസ്തുത കോഴ്സിന് മുൻകാലപ്രാബല്യത്തോടെ അംഗീകാരം നല്കി ആയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.യിൽ അപേക്ഷ നല്കി നിയമനം കാത്തിരിക്കുന്ന വികലാംഗരുടെ പ്രതീക്ഷ സഫലമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ